(സി)	തിരുവനന്തപുരം	..	18
	കൊല്ലം	..	74
	ആലപ്പുഴ	..	28
	കോട്ടയം	..	13
	ഇടുക്കി	..	17
	എറണാകുളം	..	60
	തൃശ്ശൂർ	..	19
	മലപ്പുറം	..	4
	പാലക്കാട്	..	18
	കോഴിക്കോട്	..	56
	കണ്ണൂർ	..	31
	ആകെ	..	338

സഹകരണ നിയമത്തിൽ വരുത്തുന്ന ഭേദഗതികൾ

154 [227] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണജനതക്ക് സഹായങ്ങൾ ലഭിക്കുന്നതിനുള്ള തടസ്സം ഒഴിവാക്കുന്നതിന് സഹകരണനിയമത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ വരുത്താൻപോകുന്ന ഭേദഗതികളുടെ വിശദവിവരങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) നിലവിലുള്ള നിയമം ഗ്രാമീണജനതക്കു സഹായം ലഭിക്കുന്നതിന് തടസ്സമല്ല. കൂടുതൽ സുഗമമായി പ്രയോജനം ലഭിക്കുന്നതിനു വേണ്ടി നിയമം ഭേദഗതിചെയ്യാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) ഭേദഗതികൾക്കു അവസാനരൂപം നൽകിക്കഴിഞ്ഞിട്ടില്ല.

മി. ഡെ. സ്പീക്കർ: ഓർഡർ, ഓർഡർ, ചോദ്യോത്തരസമയം കഴിഞ്ഞു.

II. അടിയന്തിരപ്രമേയം

മുൻ എം. എൽ. എ. ശ്രീ. എൻ. ഗണപതിയുടെ പുത്രന്മാരുടെ മേലുണ്ടായ ആക്രമണം

മി. ഡെപ്യൂട്ടി സ്പീക്കർ: ഒരു ഹരിജൻ നേതാവും മുൻ എം. എൽ. എ. യുമായ ശ്രീ. എൻ. ഗണപതിയുടെ കാർ മൂന്നാറിനു സമീപം വച്ച് തല്ലിത്തകർക്കുകയും അദ്ദേഹത്തിന്റെ പുത്രന്മാരെ വെട്ടി മുറിവേൽപ്പിക്കുകയും ചെയ്തതിനെത്തുടർന്ന് അവിടെ നിലവിലുള്ളതായി പറയപ്പെടുന്ന സംഘർഷാവസ്ഥ

9.30 a.m.]

LIBRARY ARCHIVES Kerala Legislative Assembly

യെക്കുറിച്ചു ചർച്ചചെയ്യുന്നതിനായി ഇന്നത്തെ സഭാനടപടികൾ നിർത്തി വയ്ക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് ശ്രീ. എം. വി. മാണി റൂൾ 50 അനുസരിച്ച് ഒരു നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ): സർ, എനിക്ക് അങ്ങയുടെ മുൻപിൽ വയ്ക്കാൻ ഒരഭ്യർത്ഥനയുള്ളത് ഇതാണ്: ഞാൻ ഈ നോട്ടീസു കിട്ടിയപ്പോൾ മുതൽ ഈ സമയംവരെ വിശദവിവരങ്ങൾ ശേഖരിക്കാൻ ശ്രമിച്ചിട്ട് വിശദവിവരങ്ങൾ ഇതുവരെ കിട്ടാൻ കഴിഞ്ഞിട്ടില്ല. അൽപ്പം സമയം കൂടെ ആവശ്യമുണ്ട്, പൂർണ്ണവിവരം ലഭിക്കാൻ. അതു കിട്ടിയാലുടനെ സഭയുടെ മുൻപിൽ വിശദീകരണം നൽകാം. അതിന് അനുവദിക്കണമെന്നപേക്ഷിക്കുന്നു.

ശ്രീ. എം. പി. മാണി: സർ, 2-10-1979 വൈകുന്നേരം മൂന്നാർ ടൗണിന്റെ സമീപപ്രദേശമായ പോതമേട് എന്ന സ്ഥലത്തുവച്ച് മുൻ എം. എൽ. എ. യും ഒരു ഹരിജൻ നേതാവും ട്രേഡ് യൂണിയൻ നേതാവുമായ ശ്രീമാൻ എൻ. ഗണപതിയുടെ മക്കളായ രാജേന്ദ്രനും സുരേന്ദ്രനും സഞ്ചരിച്ചു കൊണ്ടിരുന്ന കാർ വേലു, കനകമുത്തു മുതലായ പത്തോളം റൗഡികൾ നടുറോഡിൽ തടഞ്ഞുനിർത്തുകയും ആ കാർ നിശ്ശേഷം തല്ലിത്തകർക്കുകയും ആ കാറിൽ സഞ്ചരിച്ചിരുന്ന ഗണപതിയുടെ മക്കളെ അരിവാൾ, വാക്കത്തി മുതലായ മാരകായുധങ്ങൾകൊണ്ട് വെട്ടി പരിക്കേൽപ്പിക്കുകയും ചെയ്തു. ഇന്ന് ആ വ്യക്തികൾ ടാറ്റാ ഫിൻലേ ഹോസ്പിറ്റലിൽ കഴിയുകയാണ്. കഴിഞ്ഞ പഞ്ചായത്തു തിരഞ്ഞെടുപ്പിനോടനുബന്ധിച്ചുണ്ടായ വൈരാഗ്യം മൂലം.....

മി. ഡെപ്യൂട്ടി സ്പീക്കർ: ആർഡർ, ആർഡർ. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കൂടുതൽ വിവരങ്ങൾ പിന്നീട് അറിയിക്കും.

ശ്രീ. എം. വി. മാണി: എനിക്കു കിട്ടിയ വിവരം ഞാൻ ശ്രദ്ധയിൽ പെടുത്തണമല്ലോ.

രണ്ടാമത്, ഈ ഭീകരമായ സംഭവം നടുറോഡിൽ ഉണ്ടായിട്ട് അവിടത്തെ പ്രമാണിമാരുടെ സമ്മർദ്ദം മൂലം പോലീസ് യാതൊരു നടപടിയും എടുക്കാതിരുന്നു. അതുകൊണ്ട് തൊഴിലാളികളും മറ്റും ഭയവിഹ്വലരായിക്കഴിയുകയാണ്. സംഘർഷാവസ്ഥ ആ പ്രദേശത്തു നിലവിലുണ്ട്. അതുകൊണ്ട് അടിയന്തിരമായി ഗവൺമെന്റ് ഇക്കാര്യത്തിൽ ഇടപെട്ടില്ലെങ്കിൽ ആ മൂന്നാർ പ്രദേശത്ത്, കണ്ണൻദേവൻ മേഖലയിൽ ഒക്കെ, വലിയ സംഘർഷത്തിനു സാദ്ധ്യതയുണ്ട്. പഞ്ചായത്തു തിരഞ്ഞെടുപ്പിൽ ഗണപതിയും അദ്ദേഹത്തിന്റെ ഭാര്യയും ജയിച്ചതിന്റെ നൈരാശ്യം മൂലം.....

മി. ഡെപ്യൂട്ടി സ്പീക്കർ: ആർഡർ, ആർഡർ. ഇതിനെപ്പറ്റി മുഖ്യമന്ത്രി അന്വേഷിക്കുന്നുണ്ട്. വിവരം കിട്ടിയാൽ സഭയെ അറിയിക്കും. ആ സന്ദർഭത്തിൽ, നോട്ടീസു നൽകിയിട്ടുള്ള ബഹുമാനപ്പെട്ട മെമ്പർക്ക് രണ്ടു മൂന്നു വാചകം പറയാൻ അവസരം നൽകാം. ഇപ്പോൾ അതിന്റെ ചർച്ച നീട്ടി വച്ചിരിക്കുന്നു.

ശ്രീ. കെ. എം. മാണി: സർ, ഒരു സബ്മിഷൻ; മുഖ്യമന്ത്രിക്കു വിവരം കിട്ടിയിട്ടില്ലെന്നു പറഞ്ഞ സ്ഥിതിക്ക് ഈ അടിയന്തിരമായ കാര്യത്തെ സംബന്ധിച്ച് ഒരു മെമ്പർക്കു കിട്ടിയിരിക്കുന്ന വിവരം അങ്ങോട്ടു

LIBRARY ARCHIVES Kerala Legislative Assembly

നൽകുന്നു; ഗവൺമെൻറ് അതു പരിശോധിക്കട്ടെ. അതു പറഞ്ഞു തുടങ്ങിയതാണ്. അതുകൊണ്ട് രണ്ടു വാചകം പൂർത്തിയാക്കിയിട്ട് അവസാനിപ്പിക്കട്ടെ. അതു മുഖ്യമന്ത്രിക്കു സഹായകമാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇതിനെപ്പറ്റി ചർച്ച ഇപ്പോഴം ആവശ്യമില്ലെന്നു ഞാൻ തീരുമാനിക്കുന്നു. ഇതിനെപ്പറ്റി കൂടുതൽ വിവരങ്ങം മുഖ്യമന്ത്രി അറിയിക്കും.

III. ശ്രദ്ധ ക്ഷണിക്കൽ

ശ്രദ്ധക്ഷണിക്കൽ പ്രമേയത്തിന് നോട്ടീസ് നൽകിയിരുന്ന ഒമ്പർ ഹാജരാകത്തതിനാൽ, പ്രമേയം ചർച്ചയ്ക്കെടുക്കുകയുണ്ടായില്ല.

IV. റിപ്പോർട്ടു സമർപ്പണം

അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ റിപ്പോർട്ട്

ശ്രീ. കെ. വി. കുര്യൻ: സർ, അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഇരുപത്തൊന്നാമതു റിപ്പോർട്ടു ഞാൻ സമർപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: റിപ്പോർട്ടു സമർപ്പിച്ചിരിക്കുന്നു.

V. നിയമനിർമ്മാണകാര്യം

(i) 1979-ലെ കേരള പോലീസ് (ഭേഗതി) ബിൽ

ശ്രീ. കെ. എം. മാണി: സർ, ഒരു പോയിൻറ് ഓഫ് ആർഡർ. കഴിഞ്ഞ 25-ാം തീയതി കൂടിയ ബിസിനസ് അഡൈസറിക്കമ്മിറ്റിയിൽ ബില്ലുകളുടെ ചർച്ചയ്ക്കുള്ള ടൈം അലോട്ടുചെയ്യപ്പെട്ടിട്ടുണ്ട്. ആ ബിസിനസ് അഡൈസറിക്കമ്മിറ്റി ബില്ലിൻെറ ടൈം അലോട്ടു ചെയ്തിരിക്കുന്നത് ഇങ്ങനെയാണ്. ഒക്ടോബർ 4 കേരള ലാൻഡ് റിഫോംസ് (അമെൻഡ്മെൻറ്) ബിൽ. അതാണ് ഹൗസ് അഡോപ്റ്റുചെയ്തിട്ടുള്ളത്. സർ, നമ്മുടെ റൂംസ് ഓഫ് പ്രൊസീഡിയർ 215 അനുസരിച്ച്.

"The allocation of time in respect of Bills and other business as approved by the House shall take effect as if it were an order of the House and shall be notified in the Bulletin". എന്നു പറഞ്ഞിട്ടുണ്ട്.

സർ, അങ്ങനെ ആർഡർ ആയിരിക്കുന്ന, ഹൗസ് അഡോപ്റ്റു ചെയ്തിട്ടുള്ള, ഒരു തീരുമാനത്തിനു വിപരീതമായി ടൈം മാറ്റണമെങ്കിൽ മറ്റൊരു മോഷൻ വേണം. അല്ലെങ്കിൽ ഹൗസിൻെറ സെൻസ് എടുത്തുകൊണ്ടുള്ള ഒരു തീരുമാനം വേണം. Sir, I am referring to the 'Practice and Procedure of Parliament':

"No variation in the allocation of time order is made except on a motion made with the consent of the Speaker, and accepted by the House. Where the House while adopting the report keeps open the

LIBRARY ARCHIVES Kerala Legislative Assembly